LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷത്തെ ജനുവരി മുതൽ മാർച്ച് വരെയുള്ള മൂന്നുമാസത്തെ 700 രൂപ കുടിശ്ശിക ക്രിസ്തുമസ്സിനു മുമ്പ് വിതരണം ചെയ്യും. ഈ സാമ്പത്തികവർഷത്തെ 1-4-2014 മുതൽ വർദ്ധിപ്പിച്ച നിരക്കിലുള്ള 700 രൂപ എന്നത് 900 രൂപയായി വർദ്ധിപ്പിച്ച് 2015 ജനുവരി 31-ന് മുമ്പ് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ സർക്കാർ ക്രമാനുഗതമായി ഓണറേറിയം ഓരോ വർഷവും വർദ്ധിപ്പിക്കുന്നതിനു പുറമേ ഫെസ്റ്റിവൽ അലവൻസും ഓരോ വർഷവും നല്കിവരുന്നുണ്ട്. ഈ സാമ്പത്തികവർഷം ഫെസ്റ്റിവൽ അലവൻസായി 900 രൂപ നല്കും. നിലവിൽ ആനുപാതികമായി ഈ തുക വീണ്ടും സർക്കാർ വർദ്ധിപ്പിക്കുന്നതാണ്.

13. ശബരിമലയിൽ അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാരിൽനിന്നും ഫീസ് ഈടാക്കൽ

ശ്രീ. കെ. ശിവദാസൻ നായർ : സർ, ശബരിമലയിൽ അന്നദാനത്തിനു വരുന്ന അന്യസംസ്ഥാനങ്ങളിലെ ആളുകളിൽനിന്നും ദേവസ്വം ബോർഡ് ഫീസ് ഈടാക്കുന്ന ഒരു രീതി നിലവിലുണ്ട്. മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവർക്കും തദ്ദേശീയരായിട്ടുള്ള ആളുകൾക്കും പൂർണ്ണമായും അന്നദാനം കൊടുക്കാൻ സാധിക്കുകയില്ല. ഉദാരമതികളായ ആളുകളുടെ അന്നദാനമാണ് പലപ്പോഴും അയ്യപ്പഭക്തന്മാർക്ക് ലഭിക്കുന്നത്. കേരളീയരാണ് അന്നദാനം നടത്തുന്നതെങ്കിൽ ഫീസ് വേണ്ടെന്നും അന്യസംസ്ഥാനക്കാരാണെങ്കിൽ ഉയർന്ന നിരക്കിൽ ഫീസ് നൽകണമെന്നുമാണ് ബോർഡിന്റെ തീരുമാനം. യുക്തിക്കും സാമാന്യബുദ്ധിക്കും നിരക്കുന്ന ഒരു തീരുമാനമല്ല ഇത്. സേവന സന്നദ്ധരായെത്തുന്ന ഉദാരമനസ്കരെ ശിക്ഷിക്കുന്നതിന് തുല്യമാണ് ഈ നടപടി. മണ്ഡലകാലത്ത് അന്നദാനം നടത്തുന്ന അന്യസംസ്ഥാനക്കാർ ദിനംപ്രതി 10000 രൂപ ബോർഡിന് ഫീസായി നൽകണം. മണ്ഡലകാലത്ത് 5 ദിവസം അന്നദാനം നടത്തണമെങ്കിൽ ഒരു ലക്ഷം രൂപ അഡ്വാൻസായി കെട്ടിവയ്ക്കണം. ഇത് എന്ത് നീതിയാണെന്ന് മനസ്സിലാകുന്നില്ല. ശബരിമലയിൽ എങ്ങനെയും പണമുണ്ടാക്കുക എന്നൊരു ലക്ഷ്യം ദേവസ്വം ബോർഡിനുണ്ട്. എല്ലാ കാര്യത്തിനും പണം വേണം. അവിടെ ഹോട്ടലുകൾക്ക് വലിയ ഫീസ് വാങ്ങിയിട്ടാണ് വാടകയ്ക്ക് കൊടുക്കുന്നത്. ആ ഹോട്ടലിൽ സോഫ്റ്റ് ഡ്രിങ്ക് കൊടുക്കണമെന്നുണ്ടെങ്കിൽ അതും വെവ്വേറെ ലേലം ചെയ്യുകയാണ് ചെയ്യുന്നത്. ഇതെല്ലാം കഴിഞ്ഞതിനുശേഷം അവിടെ ഉണ്ടാക്കിവയ്ക്കുന്ന വട ടുക്കിനോക്കി 5 ഗ്രാം കുറവാണെങ്കിൽ 10000 രൂപ ശിക്ഷിക്കും. വട ഉണ്ടാക്കുന്നതിന് മുമ്പും അതിനുശേഷവും ടുക്കി നോക്കിക്കൊടുക്കാൻ സാധിക്കുകയില്ലല്ലോ ? തദ്ദേശീയർക്ക് ഇല്ലാത്ത ഫീസ് സേവനമനസ്കരായി വരുന്ന അന്യസംസ്ഥാനക്കാരായ ആളുകളിൽനിന്നും ഈടാക്കുന്ന ദേവസ്വം ബോർഡിന്റെ ഇത്തരം പ്രാകൃതമായ നടപടി നിർത്തലാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, ശബരിമല ഉത്സവത്തോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ അന്നദാനം നടത്തുന്നതിന് അനുമതി ആവശ്യപ്പെട്ട് വ്യക്തികളും സന്നദ്ധ സംഘടനകളും ദേവസ്വം ബോർഡിന് അപേക്ഷ സമർപ്പിക്കാറുണ്ട്. കേരളത്തിന് അകത്തും പുറത്തുംനിന്നുമുള്ള അപേക്ഷകൾ ലഭിക്കാറുണ്ട്. പതിനായിരക്കണക്കിന് ഭക്തജനങ്ങൾ ദിനംപ്രതി വന്നുകൊണ്ടിരിക്കുന്ന ശബരിമലയിൽ അന്നദാനം നടത്തുന്നത് ഒരു മഹത്കാര്യമാണ്. എന്നാൽ ഈ പ്രവൃത്തിയുടെ മറവിൽ വ്യാപകമായ രീതിയിൽ ഭക്തജനങ്ങളെ ചൂഷണം ചെയ്യുന്നതായി ദേവസ്വം ബോർഡിൽ നിരവധി പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ദേവസ്വം കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അന്യസംസ്ഥാനങ്ങളിൽ ശബരിമല അന്നദാനത്തിന്റെ പേരിൽ നിരവധി ട്രസ്റ്റുകൾ രൂപീകരിച്ചും വ്യക്തികൾ നേരിട്ടും പണപ്പിരിവുകൾ നടത്തുന്നതായും അത്തരത്തിൽ സമാഹരിക്കുന്ന തുകയിൽ വളരെ കുറച്ചുമാത്രം അന്നദാനത്തിന് വിനിയോഗിക്കുകയും ബാക്കി തുക ദുരുപയോഗം ചെയ്യുന്നതായും ഇത്തരത്തിൽ സമാഹരിക്കുന്ന തുകയ്ക്കും ഉല്പന്നങ്ങൾക്കും യാതൊരു കണക്കും ആരെയും ബോധിപ്പിക്കാനില്ലാത്തതുവഴി ശബരിമലയുടെ പേരിൽ വലിയ രീതിയിലുള്ള തട്ടിപ്പാണ് നടക്കുന്നതെന്ന് ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും കമ്മീഷണർ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിന് പുറത്തുള്ള ചില സ്ഥാപനങ്ങൾ ഇന്റർനെറ്റിലൂടെ ശബരിമല ദേവസ്വത്തിന്റെ ഔദ്യോഗിക അറിയിപ്പ് എന്ന രീതിയിൽ ജനങ്ങളിൽ തെറ്റിദ്ധാരണയുളവാക്കി ധനസമാഹരണത്തിനുള്ള പരസ്യങ്ങൾ നൽകുന്നതായും ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ മറ്റൊരു ഹൈന്ദവ ദേവാലയത്തിലും വ്യക്തികൾക്കോ സംഘടനകൾക്കോ സ്വതന്ത്രമായി പണം സമാഹരിച്ച് ആരാധനാലയങ്ങളുടെ പേരിൽ അന്നദാനം നടത്തുന്നതിന് അനുവാദം നൽകാറില്ല. പ്രസ്തുത ദേവാലയങ്ങളിൽ അന്നദാനം നടത്താനാഗ്രഹിക്കുന്നവർ അതാതു സ്ഥാപനങ്ങളിൽ പണമടയ്ക്കുകയും ആ സ്ഥാപനങ്ങൾ നേരിട്ട് അന്നദാനം നടത്തുകയുമാണ് ചെയ്യുന്നത്. ശബരിമലയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അന്യസംസ്ഥാനങ്ങളിൽനിന്നുള്ള സ്ഥാപനങ്ങൾക്കും ട്രസ്റ്റുകൾക്കും അന്നദാനം നടത്തുന്നതിന് ഒരു നിയന്ത്രണമേർപ്പെടുത്തുന്നതിന്റെ ഭാഗമായി ദേവസ്വം ബോർഡ് ഏർപ്പെടുത്തിയ നിബന്ധനകളിൽ ഒന്നാണ് ഒരു നിശ്ചിത തുക ഫീസായി ഈടാക്കുകയെന്നുള്ളത്. ഇപ്രകാരം ഈടാക്കുന്ന തുക ദേവസ്വം ബോർഡിന്റെ ശബരിമല അന്നദാന ഫണ്ടിലേക്കാണ് നിക്ഷേപിക്കുന്നത്. ഈ പ്രശ്നം സംബന്ധിച്ച് ഹൈക്കോടതിയിൽ ഒരു കേസ് നിലവിലുണ്ട്. തിരുവിതാംകൂർ-കൊച്ചി ഹിന്ദുമത

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപന നിയമമനുസരിച്ച് ബോർഡിന്റെ ദൈനംദിന കാര്യങ്ങളിൽ സർക്കാരിന് ഇടപെടാൻ കഴിയുകയില്ല. ബോർഡ് കൈക്കൊള്ളുന്ന തീരുമാനങ്ങൾ ശരിയോ തെറ്റോ എന്ന് പരിശോധിക്കുവാനുള്ള അധികാരം ബഹുമാനപ്പെട്ട ഹൈക്കോടതിക്ക് മാത്രമാണ്. കോടതിയുടെ മുമ്പിലുള്ള വിഷയമായതിനാൽ സർക്കാരിന് ഇടപെടാൻ സാധിക്കുകയില്ല. ഇതിൽത്തന്നെ ദേവസ്വം ബോർഡ് അടിവാരം അയ്യപ്പ അന്നദാനക്ഷേത്രം എന്ന ഒരു സംഘടന "We accept donations, DD/ Cheque to be drawn in favour of Adivaram Ayyappan Annadaana Kshetram" എന്ന് ഒരു പരസ്യം കൊടുത്തു. ഇതിന്റെ പേരിൽ വളരെ വ്യാപകമായി മറ്റ് സംസ്ഥാനങ്ങളിൽ പണപ്പിരിവ് നടത്തുന്നുണ്ട്. അവർ ഒരുകോടി രൂപ പിരിച്ചെടുക്കുമ്പോൾ അയ്യായിരം രൂപയ്ക്ക് ഇവിടെവന്ന് അന്നദാനം നടത്തും. അത് ശ്രദ്ധയിൽപ്പെട്ടതുകൊണ്ടാണ് ഇതിനുവേണ്ടിയുള്ള നിയന്ത്രണം ബോർഡ് ഏർപ്പെടുത്തിയിട്ടുള്ളത്. ഇക്കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ട്, കോടതിയുടെ മുമ്പിലുമുണ്ട്. ഇതുമൂലം അയ്യപ്പഭക്തന്മാർക്ക് ബുദ്ധിമുട്ടുണ്ടാകുന്ന സാഹചര്യമുണ്ടാകുകയാണെങ്കിൽ ഗവൺമെന്റ് ഇതിനെക്കുറിച്ച് നിർദ്ദേശം നൽകുന്നതാണ്. കോടതിതന്നെ ഇതുമായി ബന്ധപ്പെട്ട് ഒരു തീരുമാനമെടുക്കാനിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തുള്ള ഒരു സംഘടനകൾക്കും അന്നദാനം നടത്തുന്നതിനുവേണ്ടി അവിടെ ഫീസ് അടയ്ക്കേണ്ട ആവശ്യമില്ല. അതോടാപ്പം ഹോട്ടലുകളുടെ ഗുണമേന്മ പരിശോധിക്കുന്നതിലേയ്ക്കു വേണ്ടി അന്യായമായിട്ടുള്ള രീതിയിൽ എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് ഗവൺമെന്റ് പരിശോധിക്കും. ഗുണമേന്മയും ശുദ്ധമായ ഭക്ഷണപദാർത്ഥങ്ങളും വിതരണം ചെയ്യുന്നതിലേക്കുള്ള കർശനമായ നിർദ്ദേശം ഗവൺമെന്റ് കൊടുത്തിരിക്കുകയാണ്. കളക്ടറുടെ നേതൃത്വത്തിലാണ് കാര്യങ്ങൾ ചെയ്യുന്നത്. അന്യായമായി എന്തെങ്കിലും കാര്യങ്ങളുണ്ടെങ്കിൽ അത് തീർച്ചയായും പരിശോധിക്കും.

14. ക്യാൻസർ സെന്റർ നിർമ്മാണം

ശ്രീ. അൻവർ സാദത്ത് : സർ, എറണാകുളം ജില്ലയിൽ തറക്കല്ലിട്ട ക്യാൻസർ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ഓരോ ദിവസവും കൂടിവരികയാണ്. ചികിത്സയ്ക്കുവേണ്ടി ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുന്നൊരു സാഹചര്യമാണ് ഇന്ന് നമ്മുടെ നാട്ടിലുള്ളത്. ക്യാൻസർ പോലുള്ള മാരകമായ അസുഖത്തിന്റെയും മറ്റ് ജീവൻരക്ഷാ മരുന്നുകളുടെയും വില കേന്ദ്രഗവൺമെന്റ് പുതിയ നയത്തിന്റെ ഭാഗമായി വർദ്ധിപ്പിച്ചുകൊണ്ടിരിക്കുന്ന സാഹചര്യമാണ് ഇന്ന് നമ്മുടെ നാട് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം. മുഖ്യമന്ത്രിയുടെ